പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2063 01.02.2018-ൽ മറുപടിക്ക്

**അസ്ഥിരോഗ ചികിത്സാ ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് അസ്ഥി സംബന്ധമായ ചികിത്സക്കും ഗവേഷണങ്ങൾക്കുമായി സ്വയംഭരണ സ്വഭാവത്തോടുകൂടിയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | എ) | ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്പെഷ്യാലിറ്റികളെ സ്ഥാപനവൽക്കരിച്ച് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക എന്നത് സർക്കാർ നയമല്ല. അതുകൊണ്ടുതന്നെ നിലവിലുള്ള സ്പെഷ്യാലിറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ആധുനിക സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തുന്നതിനാണ് മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. അപകടത്തിൽപ്പെടുന്നവർക്ക് അസ്ഥികൾക്കും തലച്ചോറിനും ഏൽക്കുന്ന ക്ഷതം അതീവ ശ്രദ്ധയോടെയുള്ള പരിചരണം ആവശ്യമായിട്ടുള്ളതായതിനാൽ ശാസ്ത്രീയമായി ട്രോമാകെയർ സംവിധാനം വികേന്ദ്രീകരിക്കപ്പെട്ട രീതിയിൽ ഏർപ്പെടുത്തുക എന്നത് ഈ ലക്ഷ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ്പാണ്. ട്രോമാകെയറിന്റെ ഭാഗമായി അസ്ഥിവിഭാഗത്തിനും തലച്ചോർ സംബന്ധമായും ഉണ്ടാകുന്ന രോഗങ്ങൾക്ക് അതീവ പ്രാതിനിധ്യം നൽകി മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ അസ്ഥിസംബന്ധമായ ചികിൽസയ്ക്കും ഗവേഷണത്തിനും മാത്രമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ